234-ഇ1-18

"ഭരണഭാഷ — മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 — 2324951
0471 — 2325071
Tele Fax : 0471 — 2324951
Email: celsgd@gmail.com
Website: www. celsgd.kerala.gov.in

നം. ഇ 3/2100/2008/സിഇ/തസ്വഭവ

തീയതി: 06.08.2018

# സർക്കുലർ

വിഷയം:- ജീവനക്കാർക്ക് അന്യായമായി അവധി അനുവദിക്കുന്നത് - സംബന്ധിച്ച്

ഈ വർഷത്തെ പദ്ധതി പ്രവർത്തനം സാങ്കേതികാനുമതി നൽകി, ഇപ്പോൾ ടെൻഡർ നടപടികളിലേയ്ക്ക് നീങ്ങിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പ്രവൃത്തി നടത്തിക്കേണ്ടുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർ മുതലുള്ള ചില ഉദ്യോഗസ്ഥർ നിരുത്തരവാദപരമായി അവധിയിൽ പ്രവേശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പദ്ധതി പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതാണ്. ആകസ്മികാവധിയല്ലാത്ത അവധികൾ തൊട്ടുമുകളിലത്തെ നിയന്ത്രണാധികാരി അനുവദിക്കുമ്പോൾ ഇപ്രകാരം പദ്ധതി പ്രവർത്തനത്തെ ഒരു തരത്തിലും ബാധിക്കില്ലായെന്ന് ടി നിയന്ത്രണാധികാരി ഉറപ്പുവരുത്തേണ്ടതുണ്ട്. എന്നാൽ ചില സ്ഥലങ്ങളിൽ പദ്ധതി പ്രവർത്തനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മെഡിക്കൽ ലീവ് / മറ്റ് ലീവുകൾ യഥാർത്ഥത്തിൽ ആവശ്യമായതാണോ എന്ന് നിയന്ത്രണാധികാരി ഉറപ്പുവരുത്തേണ്ടതും സംശയം തോന്നുന്ന പക്ഷം ആയത് മെഡിക്കൽ ബോർഡിന് ശുപാർശ ചെയ്യേണ്ടതുമാണ്. ഇപ്രകാരം ദീർഘകാല അവധി നൽകുമ്പോൾ നിയന്ത്രണാധികാരികൾ തൊട്ടുമുകളിലുള്ള ഉദ്യോഗസ്ഥന്റെ രേഖാമൂലമുള്ള അനുമതി ലഭ്യമാക്കിയിരിക്കണം. പദ്ധതി പ്രവർത്തനം തടസ്സപ്പെടാതെയുള്ള അവധി ക്രമീകരണ നടപടിയെടുത്തതിനു ശേഷം മാത്രമേ നിയന്ത്രണാധികാരികൾ അവധി അനുവദിക്കാവൂ. അല്ലാത്തപക്ഷം പദ്ധതി പ്രവർത്തനത്തിൽ വീഴ്ചയുണ്ടായാൽ നിയന്ത്രണാധികാരി ആയതിന് ഉത്തരവാദിയായിരിക്കും. അത്തരം നിയന്ത്രണാധികാരികൾക്കെതിരെ കർശനമായ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതാണ്.

ചീഫ് എഞ്ചിനീയർ

എസ്.എ